**14-ാം കേരള നിയമ സഭ**

**2-ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 319** **17.10.2016-ൽ മറുപടിയ്ക്ക്**

**മെരിറ്റ് അട്ടിമറിച്ച് എം.ബി.ബി.എസ്. പ്രവേശനം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ.ഷാഫി പറമ്പിൽ :**<br>**ശ്രീ. വി.എസ്.ശിവകുമാർ :**<br>**ശ്രീ. കെ.മുരളീധരൻ :**<br>**ശ്രീ.എ.പി. അനിൽ കുമാർ :** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>**(ആരോഗ്യവും, സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഈ വർഷം നടത്തിയ എം.ബി.ബി.എസ്. പ്രവേശനത്തിൽ മെരിറ്റ് അട്ടിമറിച്ച് പ്രവേശനം നൽകി എന്ന പരാതി മേൽനോട്ട സമിതിയായ ജയിംസ് കമ്മിറ്റിക്ക് ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പരാതികൾ ലഭിച്ചു എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) ലഭിച്ചിട്ടുണ്ട്. സ്വാശ്രയ മെഡിക്കൽ കോളേജിൽ നടത്തിയ എം.ബി.ബി.എസ്. പ്രവേശനത്തിൽ മെരിറ്റ് അട്ടിമറിക്കാൻ ശ്രമിച്ചതായി പരാതി ജയിംസ് കമ്മിറ്റിക്ക് ലഭിച്ചിട്ടുണ്ട്. മേൽനോട്ട സമിതി നൽകിയിട്ടുള്ള ഉത്തരവുകൾ പാലിച്ചിട്ടില്ല എന്നും പ്രവേശന നടപടികൾ സുതാര്യമല്ല എന്നും മറ്റുമുള്ള 1530 പരാതികൾ ആണ് ലഭിച്ചിട്ടുള്ളത്. |
| (ബി) ഏതൊക്കെ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ അഡ്മിഷനുകളിലാണ് മെരിറ്റ് അട്ടിമറിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്; | (ബി) മേൽപറഞ്ഞ പ്രകാരമുള്ള പരാതികൾ ശ്രീ നാരായണ മെഡിക്കൽ കോളേജ്, അൽ അസർ മെഡിക്കൽ കോളേജ്, ഡി എം വയനാട് മെഡിക്കൽ കോളേജ്, പി.കെ.ദാസ് മെഡിക്കൽ കോളേജ്, ട്രാവൻകൂർ മെഡിക്കൽ കോളേജ്, അസീസിയ മെഡിക്കൽ കോളേജ്, എസ്.യു.റ്റി മെഡിക്കൽ കോളേജ്, ശ്രീ ഗോകുലം മെഡിക്കൽ കോളേജ്, കരുണ മെഡിക്കൽ കോളേജ്, കണ്ണൂർ മെഡിക്കൽ കോളേജ്, ബിലീവേഴ്സ് ചർച്ച് മെഡിക്കൽ കോളേജ്, മലബാർ മെഡിക്കൽ കോളേജ്, മൗണ്ട് സിയോൺ മെഡിക്കൽ കോളേജ് എന്നീ കോളേജുകളിലെ അഡ്മിഷനുകൾ സംബന്ധിച്ച് അഡ്മിഷൻ സൂപ്പർവൈസറി കമ്മിറ്റി പരിശോധിക്കുകയും പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഈ സ്ഥാപനങ്ങൾക്കെതിരെ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (സി) | ACT XIX of 2006 ലെ വിവിധ വകുപ്പുകൾ പ്രകാരവും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും വിധികളുടെ അടിസ്ഥാനത്തിലും മെരിറ്റും സുതാര്യതയും ഉറപ്പു വരുത്താനും, തലവരിപ്പണവും, ചൂഷണവും തടയുവാനുമുള്ള നടപടികൾ ഫലപ്രദമായി സ്വീകരിച്ചു. |
| (ഡി) | സ്വാശ്രയ മെഡിക്കൽ പ്രവേശനത്തിൽ സുപ്രീംകോടതി വിധി പ്രകാരം മെരിറ്റും സാമൂഹ്യനീതിയും ഉറപ്പുവരുത്തുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (ഡി) | ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും വിധികൾ പ്രകാരവും കേന്ദ്ര ആരോഗ്യവകുപ്പ് മന്ത്രാലയത്തിന്റെ നിർദ്ദേശാനുസരണവും ഏകീകൃത പ്രവേശനം ഉറപ്പാക്കുന്നതിന് കേരള സർക്കാർ ഉത്തരവിറക്കി. ആയതിന്മേൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സ്റ്റേ ഉത്തരവ് വന്നതിനാൽ സ്വകാര്യ മെഡിക്കൽ/ഡെന്റൽ കോളേജുകളുമായി ചർച്ച നടത്തി പ്രവേശന നടപടികൾ മെറിറ്റും സാമൂഹിക നീതിയും ഉറപ്പു വരുത്തി. |
| (ഇ) | അവസാന അലോട്ട്മെന്റിനുശേഷം ഒഴിവുവരുന്ന സീറ്റുകളിലും മെരിറ്റ് ഉറപ്പ് വരുത്തുവാൻ നടപടി സ്വീകരിക്കുമോ ? | (ഇ) | ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഉത്തരവു പ്രകാരം 30.09.2016 പ്രവേശനം നേടാനുള്ള അവസാനദിവസം ആയിരുന്നെങ്കിലും പിന്നീട് ബഹു. കോടതി 07.10.2016 വരെ പ്രവേശനം നേടുവാനുള്ള സമയം നീട്ടി നല്കിയതിനാൽ അവസാന അലോട്ട്മെന്റിന് ശേഷവും ഒഴിവു വരുന്ന സീറ്റുകളിലേക്ക് മെറിറ്റ് അടിസ്ഥാനത്തിൽ ഏകീകൃത പ്രവേശനം പ്രവേശന പരീക്ഷാ കമ്മീഷണറിലൂടെ ഉറപ്പാക്കി.<br>പ്രവേശനത്തിൽ അപാകതകൾ കണ്ടതിനെ തുടർന്ന് പ്രവേശന മേൽനോട്ട സമിതി പ്രവേശനം റദ്ദ് ചെയ്ത കരുണ മെഡിക്കൽ കോളേജ്, കണ്ണൂർ മെഡിക്കൽ കോളേജ് എന്നിവകളുടെ പ്രവേശനം ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം പ്രവേശന പരീക്ഷാ കമ്മീഷണർ സ്പോട്ട് അഡ്മിഷനിലൂടെ മെറിറ്റ് ഉറപ്പാക്കി. ഉത്തരവ് അനുസരിച്ച് ഒരു റിപ്പോർട്ട് ബഹു. കേരള ഹൈക്കോടതിയിൽ പ്രവേശന പരീക്ഷ കമ്മീഷണർ സമർപ്പിച്ചത് |

തീർപ്പാക്കാനായി 19.10.2016 ലേക്ക് മാറ്റിയിട്ടുണ്ട്.

സർക്കാരുമായി കരാറിൽ ഏർപ്പെടാത്ത കെ.എം.സി.റ്റി മെഡിക്കൽ കോളേജിന്റെ പ്രവേശനം മെറിറ്റും സുതാര്യവും ഉറപ്പാക്കി പ്രവേശന പരീക്ഷാ കമ്മീഷണർ 07.10.2016 ൽ പൂർത്തീകരിച്ചിട്ടുള്ളതാണ്.

സെക്ഷൻ ഓഫീസർ